# 6

# യോനാഥാൻ

## ഇന്ദ്രജാല ദൃഢഭക്തി

എന്ത് ആത്മവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് കാർത്തേജിനു എതിരെ സിസിലിയിലെ മൂപ്പനായിരുന്ന സിപ്പിയോ തന്റെ നാവികസൈന്യ വുമായി പോകുവാൻ തീരുമാനിച്ചത് എന്നു സിപ്പിയോയോടു ആരോ ചോദിച്ചു. അദ്ദേഹം അയാൾക്ക് ആയുധധാരികളായ അച്ചടക്കമുള്ള മുന്നൂറു പേരെ കാണിച്ചിട്ടു, കടൽക്കരയിലെ ഉയരമുള്ള ഒരു ഗോപുരത്തെ ചൂണ്ടി ക്കാണിച്ച് കൊണ്ടു, പറഞ്ഞു, "ഈ കൂട്ടത്തിൽ ഒരാൾ പോലും എന്റെ കല്പന കൂടാതെ ആ ഗോപുരമുകളിൽ സ്വയമായി പോവുകയില്ല." സിപ്പിയോ അവിടെ, ചെന്നിറങ്ങുകയും, ശത്രുവിന്റെ പാളയത്തെ കത്തി ക്കുകയും ചെയ്തു. കാർത്തേജിയർ തങ്ങളുടെ കപ്പലുകളും ആനകളും പണവും കീഴ്പ്പെട്ടു നല്കി. അവനെ വിജയത്തിലെത്തിച്ചത് തന്റെ സംഘത്തിന്റെ ചോദ്യം ചെയ്യപ്പെടാത്ത ദൃഢഭക്തിയായിരുന്നു.

യോനാഥന്റെ ജീവിതത്തിൽ വളരെ പ്രാധാന്യം ഉള്ളതായ ഒരു ഘടകം ഈ സംഭവത്തിൽ ഉൾപ്പെടുന്നുണ്ട് - *ദൃഢഭക്തി.* ആ മനുഷ്യൻ 1 ശമുവേ ലിന്റെ പുസ്തകത്തിലെ ശ്രദ്ധേയ വ്യക്തികളിൽ ഒരാളായിരുന്നു. അവൻ ശൗലിന്റെ മൂത്തമകനും, പ്രഭുവും ആയിരുന്നു. യോനാഥാനിൽ ഒരാൾക്ക് ഉത്തമ ഗുണങ്ങൾ ഉള്ള ഒരു മനുഷ്യനെ കാണുവാൻ കഴിയും - നിർഭയ നായ ഒരു ഭടൻ, തന്റെ സംഘത്തിൽ നിന്നും ലജ്ജിക്കപ്പെടാത്ത ആദര വുള്ള ഒരു സൈന്യാധിപൻ, മനുഷ്യ സ്നേഹത്തിന്റെ ഉദാത്ത ഗുണങ്ങളെ പ്രദർശിപ്പിക്കുവാൻ കഴിഞ്ഞ ഒരു സ്നേഹിതൻ, അതിശയകരമായ ഭക്തി യുള്ള ഒരു ദൈവവിശ്വാസി. സത്യം സംസാരിച്ചവനും, വിശുദ്ധജീവിതം നയിച്ചവനും, താൻ കണ്ട തെറ്റുകളെല്ലാം തിരുത്തുവാൻ ശ്രമിച്ചവനുമായി രുന്നു യോനാഥാൻ. അവന്റെ പിതാവിന്റേതിൽനിന്നും വളരെ അന്തരമുള്ള അത്യുജ്ജ്വലമായ വ്യക്തിത്വമായിരുന്നു. അവന്റേത്.

### അവന്റെ ദൃഢഭക്തി

ഭക്തിയോടെ ജീവിക്കുവാനുള്ള ദൈവകല്പന യോനാഥാൻ നന്നായി മനസിലാക്കിയിരുന്നു (പുറപ്പാട് 22:28; സംഖ്യാപുസ്തകം 27:20; ആവർത്ത നപുസ്തകം 7:9; സദൃശവാക്യങ്ങൾ 24:21; മുതലായവ.). ഈ കാര്യത്തിൽ ദൈവേഷ്ടം പിൻപറ്റുവാൻ അവൻ ശ്രദ്ധിച്ചിരുന്നു. തന്റെ ഭക്തി അവൻ വെളിപ്പെടുത്തിയ മൂന്നു മേഖലകൾ ശ്രദ്ധിക്കുക.

#### ദൈവത്തോടുള്ള ഒരു ഭക്തി (14:45)

യോനാഥാനെക്കുറിച്ച് ആദ്യം പരാമർശിക്കുമ്പോൾ തന്നെ, ദൈവവു

മായി കൂടുതൽ അടുപ്പമുള്ളവനായിട്ടും സർവ്വശക്തനിൽ ആശ്രയിക്കുന്ന വിശ്വാസം ഉള്ളവനുമായിട്ടാണ് പറയുന്നത്. ഒന്നു ശമുവേൽ 14:6 പറയുന്നു, "യോനാഥാൻ തന്റെ ആയുധവാഹകനായ ബാല്യക്കാരനോടു, 'വരിക നമുക്ക് ഈ അഗ്രചർമ്മികളുടെ പട്ടാളത്തിന്റെ നേരെ ചെല്ലാം; പക്ഷെ യഹോവ നമുക്കുവേണ്ടി പ്രവർത്തിക്കും, അധികം കൊണ്ടോ അല്പം കൊണ്ടോ രക്ഷിപ്പാൻ യഹോവെക്കു പ്രയാസമില്ലല്ലൊ.'" യോനാഥാന്റെ ദൈവവിശ്വാസം ഇളകാത്തതായിരുന്നു (14:12).

1 ശമുവേലിൽ പല വേദവാക്യങ്ങളിലും അവന്റെ ദൈവത്തോടുള്ള ഭക്തി പ്രദർശിപ്പിച്ചിട്ടുണ്ട്. ഗാഥിൽനിന്നുള്ള ഗോല്യാത്തിനെ ദാവീദ് കൊന്നതിനു യോനാഥാനും ശൗലും സാക്ഷിയായിരുന്നു, ദൈവത്തിന്റെ പ്രവൃത്തി യോനാഥാൻ കണ്ടു (19:5). ശൗലിന്റെ അസൂയ നിമിത്തം യോനാഥാനും ദാവീദും തമ്മിൽ വേർപിരിയുന്നതിനു മുൻപു, ദൈവം അവരോടുകൂടെ ഉണ്ടെന്നറിഞ്ഞ്, അവന്റെ ദുഃഖത്തിൽ അവൻ ആശ്വാസിച്ചു (20:42). ആ രണ്ടു സ്നേഹിതന്മാർ അവസാനം കണ്ടുമുട്ടിയപ്പോൾ, പ്രമുഖമായിരുന്നത് യോനാഥാന്റെ ദൈവത്തിലുള്ള ആശ്രയമായിരുന്നു (23:16). യോനാഥാന്റെ വിശ്വാസം ദാവീദിനു ശക്തി പകരുന്നതായിരുന്നു.

ഈ വസ്തുതകളെല്ലാം ഏകീഭവിച്ച് യോനാഥാനെ ബലിഷ്ഠനായ ഒരു വിശ്വാസിയാക്കി കാണിക്കുന്നു. ദൈവത്തിലുള്ള വിശ്വാസം നിമിത്തം ഭൗമികയുദ്ധത്തിനും, ദുഃഖത്തിനും, നിരാശക്കും അതീതനായി നില്ക്കുവാൻ കഴിവുള്ളവനായിരുന്നു അവൻ! ദൈവത്തിന്റെ പദ്ധതിക്കും ഉദ്ദേശത്തിനുമുള്ള ഒരു ഉപകരണമാകണം എന്നതായിരുന്നു യോനാഥാന്റെ ഏക ചിന്ത. യോനാഥാൻ തന്നിൽത്തന്നെ കുറച്ചു വിശ്വാസമുള്ളവനും എന്നാൽ ദൈവത്തിൽ അപാരമായ വിശ്വാസമുള്ളവനുമായിരുന്നു. യോനാഥാൻ ദൈവശക്തിക്കായി അപേക്ഷിച്ചതുകൊണ്ടാണ് അവൻ വിജയിച്ചത് (ഒ.വാ. മർക്കൊസ് 11:24).

യോനാഥാനു ദൈവത്തിലുള്ള ഭക്തിയെകുറിച്ചു, ഇതിനേക്കാൾ നല്ലൊരു വിവരണം ഒരിടത്തുമില്ല: "അവൻ ദൈവത്തോടുകൂടെ പ്രവർത്തിച്ചിരുന്നു!" (14:45).

**ഒരു സ്നേഹിതൻ എന്ന നിലയിൽ ഉള്ള ഭക്തി (18:1).**

യോനാഥാനും ദാവീദിനും തമ്മിലുണ്ടായിരുന്ന സൗഹൃദം ഉറച്ചതും സമർപ്പിക്കപ്പെട്ടതുമായിരുന്നു (18:3, 4). ഈ സൗഹൃദ ഉടമ്പടി ഉറപ്പിച്ചത് അന്യോന്യം വസ്ത്രങ്ങൾ കൈമാറിയാണ്. അതു പരസ്പരം യോജിപ്പുള്ളതിന്റെ ഒരു ചിത്രമാണ് നല്കുന്നത്. ഒരാൾ യോനാഥാന് എതിരെ പോരാടിയാൽ, അയാൾ വാസ്തവത്തിൽ ദാവീദിനെതിരെയാണ് പോരാടുന്നത്; ഒരാൾ ദാവീദിനെതിരെ പോരാടിയാൽ, അയാൾ യോനാഥാനെതിരെയാണ് പോരാടുന്നത്. ഈ ഉടമ്പടി രണ്ടു സ്നേഹിതന്മാർ തമ്മിൽ ഉണ്ടാക്കുന്ന ഏറ്റവും വലിയ ഒരു ബന്ധനമാണ്.

താൻ ഒരിക്കലും രാജാവാകയില്ല എന്നു യോനാഥാനു അറിയാമായിരുന്നു (23:17), എന്നാൽ അവനിൽ അസൂയയുടെ ഒരു കണികപോലും ഇല്ലായിരുന്നു. തന്റെ സ്നേഹിതന്റെ നന്മ മാത്രം പ്രതീക്ഷിക്കുന്നതായിരുന്നു ദാവീദിന്റെ ഭക്തി. ആത്മാർത്ഥ സൗഹൃദം എന്നാൽ ത്യാഗപൂർണ്ണമായ ഗുണമാണെന്നു യോനാഥാൻ നമുക്കു കാണിച്ചുതരുന്നു.

യോനാഥാന്റെ സൗഹൃദത്തിൽ വാസ്തവത്തിലുള്ള ഈ സൗഹൃദ

ഘടകങ്ങൾ ഉൾപ്പെടുന്നുണ്ട്: ''ഇഷ്ടം''(19:1, ''ഉപാസന''; എൻഈബി); സത്യസന്ധത (20:9); സമർപ്പിത പ്രതിപത്തി (20:42; 2 ശമുവേൽ 1:26); പ്രോത്സാഹനങ്ങളും ശക്തിപ്പെടുത്തലും (23:16).

സങ്കീർത്തനങ്ങൾ 133 നിങ്ങൾ വായിക്കുമ്പോൾ, യോനാഥാന്റേയും ദാവീദിന്റേയും മനോഹര സൗഹൃദബന്ധത്തെ നിങ്ങൾ ഓർമ്മിക്കും. താഴെ കൊടുത്തിരിക്കുന്ന ചരിത്രവിവരണങ്ങളാൽ ആ സൗഹൃദബന്ധത്തെ ചിത്രീകരിച്ചിരിക്കുന്നു. ഗ്രീക്കു ചരിത്രത്തിൽ വിശദമായി എപ്പാമിനോന്താസിന്റേയും പെലോപിദാസിന്റേയും സ്നേഹബന്ധം പ്രതിപാദിച്ചിട്ടുണ്ട്. മാണ്ടിനെയിലെ യുദ്ധത്തിൽ, അവർ തങ്ങളുടെ കവചങ്ങൾ തമ്മിൽ ചേർത്തുവച്ചുകൊണ്ടാണ് പോരാടിയത്, നിരവധി മുറിവുകളേറ്റു പെലോപിദാസു വീഴുന്നതുവരെ അവർ ശത്രുക്കളോടു എതിരിട്ടു. തന്റെ സ്നേഹിതൻ മരിച്ചു എന്നു കരുതി അയാളുടെ ശരീരത്തെ വിട്ടു പോകുന്നതിനുപകരം മരിക്കുവാൻ തന്നെ എപ്പാമിനോന്താസ് തീരുമാനിച്ചു. അവരെ അഭയകേന്ദ്രത്തിലേക്കു കൊണ്ടു പോയി രണ്ടു പേരേയും രക്ഷിക്കുന്നതുവരെ തനിക്കു മാരകമായ മുറിവേറ്റിട്ടും, അവൻ തുടർച്ചയായി പൊരുതി ജീവൻ നിലനിർത്തി. അന്നുമുതൽ അവരുടെ സൗഹൃദബന്ധം ഒരു പഴഞ്ചൊല്ലായിതീർന്നു. അവർ പിന്നീട് തെബെയൻ സൈന്യത്തിലെ, തുല്യ സ്ഥാനമുള്ള സൈന്യാധിപന്മാരായിതീരുകയും, അവർ ജീവിച്ചിരുന്നപ്പോൾ അവരുടെ ഇടയിൽ അസൂയയോ പകയോ ഉണ്ടായിരുന്നില്ല. (ഒ.വാ. സദൃശവാക്യങ്ങൾ 17:17; 18:24.).

**ഒരു മകൻ എന്ന നിലയിലെ ഭക്തി (2 ശമുവേൽ 1:23)**

ഈ ഭക്തിയുടെ പ്രതലമാണ് യോനാഥാനെ വിചാരിച്ചിരിക്കാത്ത പോരാട്ടത്തിലേക്കു നയിച്ചത്. യിസ്രായേലിന്റെ അടുത്ത രാജാവായി ദൈവം അഭിഷേകം ചെയ്‌വാനിരിക്കുന്നത് ദാവീദിനെയാണെന്നു അവൻ അറിഞ്ഞിരുന്നു. അങ്ങനെ ദൈവത്തോടുള്ള അവന്റെ ഭക്തി ദാവീദിനെ പിന്താങ്ങുവാൻ അവനെ പ്രേരിപ്പിച്ചു (23:17). ദാവീദുമായുള്ള സൗഹൃദം ശൗലിന്റെ ദുഷ്ടതക്കു തുണനില്ക്കാതെ, വിശ്വാസയോഗ്യമായി നിലനില്ക്കുവാൻ പ്രേരിപ്പിച്ചു (20:9, 12; 23:17). പക്ഷെ പിതാവിനോടുള്ള ആദരവു നിമിത്തം ശൗലിനെ പിന്താങ്ങുവാൻ അവൻ നിർബ്ബന്ധിതനായി! ഇവ രണ്ടും ആ യുവമനസിലിട്ടു തൂക്കി നോക്കി അവനു തീരുമാനം എടുക്കേണ്ടിവന്നു. അവന്നു "മുട്ടത്തോടിന്മേൽ" നടക്കേണ്ടിവന്നു. അല്ലെങ്കിൽ, അവനു അത്ഭുതകരമായ ഒരു "ജാലവിദ്യ" നടത്തേണ്ടി വന്നു എന്നു നിങ്ങൾക്കു പറയാം!

യോനാഥാൻ ശൗലിനോടൊപ്പം നിന്നു. അവൻ പിതാവിനോടുള്ള ഭക്തിയിലായിരുന്നു, അതേസമയം അവൻ അപ്പോഴും ദൈവത്തോടും ദാവീദിനോടും ഭക്തി പുലർത്തിയിരുന്നു (23:16, 17). ശൗലിന്റെ ആദ്യ കാലങ്ങളിൽ യോനാഥാന് തന്റെ അപ്പനോടു ഭക്തിയിൽ നിലനിൽക്കുവാൻ പ്രയാസമില്ലായിരുന്നു. ശൗൽ അപ്പോൾ ദൈവത്തോടു യോജിച്ചിരുന്നു എന്നു യോനാഥാൻ കണ്ടിരുന്നു. എന്നാൽ ശൗലിൽ മൽസരസ്വഭാവം കടന്നുവരികയും, ദൈവം അവന്റെ വാഴ്ച്ചയിൽനിന്നകലുകയും, അശുദ്ധാത്മാവു അവനിൽ വാഴുകയും ചെയ്തു. ശൗലിന്റെ ഏറ്റവും വലിയ പ്രതിസന്ധിയുള്ള സമയങ്ങളിൽ, യോനാഥാൻ അവനോടൊപ്പം ഉണ്ടായിരുന്നു. തിന്മയെ മാറ്റിക്കളയുവാൻ അവനു കഴിഞ്ഞേക്കുമെന്നു അവൻ കരുതിയിരിക്കാം. അവന്റെ തീരുമാനം അവന്നു കഠിന പരീക്ഷണങ്ങളെ നേരിടുവാൻ ഇടയാക്കി,

എന്നാൽ യോനാഥാൻ ഒരിക്കലും തന്റെ തിരഞ്ഞെടുത്ത വഴി വിട്ടുമാറിയില്ല (20:30–33).

ശൗൽ ഗിൽബോ പർവ്വതത്തിലേക്കു പോയപ്പോൾ, യോനാഥാനും അവ നോടൊപ്പം പോയി. ആ പർവ്വതത്തിൽ വെച്ച്, പിതാവും പുത്രനും ഒരുമിച്ചു മരിച്ചു.

അപ്പനോടും അമ്മയോടും മക്കൾക്ക് ഭക്തിയുണ്ടാകണമെന്നു ദൈവം കല്പിച്ചിരുന്നു (ലേവ്യാപുസ്തകം 20:9; പുറപ്പാട് 20:12; മുതലായവ). യോനാഥാനെ പിൻപറ്റിക്കൊണ്ട് എല്ലാ കുട്ടികളും അപ്പനോടും അമ്മയോടും ഭക്തി പൂർവ്വം ജീവിച്ചാൽ അവർ അനുഗ്രഹിക്കപ്പെടും. പക്ഷെ മാതാപിതാക്കളോടുള്ള ഭക്തിയും ദൈവത്തോടുള്ള ഭക്തിയും തമ്മിൽ ഏറ്റു മുട്ടുമ്പോൾ, അല്പം വേദനയുണ്ടായാലും അതു കണക്കാക്കാതെ, ദൈവത്തോടുള്ള ഭക്തി മുറുകെ പിടിക്കണം എന്നതാണ് വ്യക്തമാകുന്നത്! (മത്തായി 10:34–39).

### ഭക്തിയുടെ പാഠങ്ങൾ

*ദൈവത്തോടുള്ള ഭക്തി പരമപ്രധാനമാണ്.* ദൈവത്തോടുള്ള ഭക്തി നമ്മുടെ ഹൃദയങ്ങളിൽ ജനിപ്പിക്കയും എന്തു വിലകൊടുത്തും അതു നമ്മുടെ ജീവിത ശൈലിയിൽ കാത്തുകൊള്ളുകയും വേണം! ചിതക്കുറ്റിയിൽ ദഹിപ്പിക്കുന്ന വേദനയെക്കുറിച്ചു ബിഷപ് ബോണർ, അതു റദ്ദു ചെയ്യുമെന്നു വിചാരിച്ചു ജോൺ ആഡ്‌ലിയോടു പറഞ്ഞപ്പോൾ, ആഡ്‌ലി മറുപടിയായി പറഞ്ഞു, "എന്റെ തലയിൽ മുടിയുള്ളതുപോലെ എത്ര ജീവിതമുണ്ടായാലും, ക്രിസ്തു എനിക്കു നഷ്ടമാകുന്നതിനുമുമ്പ് ഞാൻ അവ എല്ലാം തീയിൽ നഷ്ടമാക്കും.'' (ഒ.വാ. സങ്കീർത്തനങ്ങൾ 18:1; 91:14; പുറപ്പാട് 22:28). ആഭ്യന്തരയുദ്ധത്തിൽ ചെണ്ട കൊട്ടുകാരനായിരുന്ന യുവാവിനാൽ ദൈവത്തോടുള്ള ഭക്തിയെ ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു. ശൈത്യകാലത്തു പാളയത്തുണ്ടായ വിഷമങ്ങൾ വിവരിച്ചു അയാൾ വീട്ടിലേക്ക് കത്തെഴുതി - തണുത്ത, മരവിച്ച ദയവില്ലാത്ത കാറ്റിനെ കുറിച്ചും, വിശപ്പിനെ കുറിച്ചും, അവർക്കു സഹിക്കേണ്ടിവന്ന നഗ്നതയെ കുറിച്ചും അവൻ എഴുതി. അതിൽ ഉപസംഹാരമായി അവൻ ഈ വാക്കുകൾ എഴുതി: ''എന്നാൽ അമ്മേ, ഇതു ഞങ്ങളുടെ ജോലിയാണ്, ഞങ്ങളുടെ ജോലിക്കായി ഞങ്ങൾ മരിക്കും.'' അത്തരം ഭക്തിയായിരിക്കണം നമ്മുടെ ദൈവത്തോടുള്ള ബന്ധത്തിൽ വ്യക്തമായി വേണ്ടത്.

*കുടുംബത്തോടോ അല്ലെങ്കിൽ സ്നേഹിതന്മാരോടോ ഉള്ള ഭക്തിതെറ്റിനു മാപ്പുകൊടുക്കുന്നതല്ല.* അത് എപ്പോഴും അതിനെ എതിരിടും! യോനാഥാൻ ശൗലിനെ സ്നേഹിക്കുകയും ചോദ്യം ചെയ്യപ്പെടാത്തവിധത്തിൽ അത് ആത്മാർത്ഥവുമായിരുന്നു, എന്നാൽ ആ സ്നേഹം അവനെ നിശ്ശബ്ദനാക്കുവാൻ അവൻ അനുവദിച്ചില്ല. അവൻ ന്യായം, നീതി, സത്യം എന്നിവയെകുറിച്ചു സംസാരിച്ചു! (19:1–36; 20:30–33). നമ്മുടെ ജീവിതത്തിൽ, കുടുംബാംഗങ്ങളോ സ്നേഹിതരോ തെറ്റു ചെയ്യുമ്പോൾ അതു തിരുത്താതെ നിശ്ശബ്ദത പാലിക്കുക എളുപ്പമാണ്. നാം പറയും, "ഓ ആ സമയത്ത് എനിക്ക് ഒന്നും പറയുവാൻ കഴിഞ്ഞില്ല." അത്തരം മനോഭാവം ശരിയല്ല! (സദൃശവാക്യങ്ങൾ 27:6, 9, 17; ഗലാത്യർ 4:16).

ഒരു ആത്മാർത്ഥ സ്നേഹിതനെ മരണം കവർന്നെടുക്കുമ്പോൾ ഭക്തി നല്ല ഓർമ്മകൾ നമ്മിൽ ഉണ്ടാക്കും. ജീവിച്ചു മരിച്ച സ്നേഹിതനെക്കുറിച്ചുള്ള നല്ല ഓർമ്മകൾ നമ്മിലേക്കു വരും. യോനാഥാനെ കുറിച്ചുള്ള ഓർമ്മ

കൾ ജ്വലിപ്പിക്കുന്നതാണ് 2 ശമുവേൽ 1:19–27:

> യിസ്രായേലേ, നിന്റെ പ്രതാപമായവർ, നിന്റെ ഗിരികളിൽ നിഹതന്മാരായി! വീരന്മാർ പട്ടു പോയത് എങ്ങനെ! ഗത്തിൽ അതു പ്രസിദ്ധമാക്കരുതേ, അസ്കലോൻ വീഥികളിൽ ഘോഷിക്കരുതേ; ഫെലിസ്ത്യപുത്രിമാർ സന്തോഷിക്കരുതേ, അഗ്രചർമ്മികളുടെ കന്യകമാർ ഉല്ലസിക്കരുതേ. ഗിൽബോവ പർവ്വതങ്ങളേ, നിങ്ങളുടെമേൽ മഞ്ഞോ മഴയോ പെയ്യാതെയും, വഴിപാടുനിലങ്ങൾ ഇല്ലാതെയും പോകട്ടെ; അവിടെയല്ലോ വീരന്മാരുടെ പരിച എറിഞ്ഞുകളഞ്ഞത്, ശൗലിന്റെ തൈലാഭിഷേകമില്ലാത്ത, പരിച തന്നേ. നിഹതന്മാരുടെ രക്തവും, വീരന്മാരുടെ മേദസ്സും വിട്ടു, യോനാഥാന്റെ വില്ലു പിന്തിരിഞ്ഞില്ല, ശൗലിന്റെ വാൾ വൃഥാ പോന്നതുമില്ല. ശൗലും യോനാഥാനും, ജീവകാലത്തു പ്രീതിയും വാൽസല്യവും പൂണ്ടിരുന്നു, മരണത്തിലും അവർ വേർപിരിഞ്ഞില്ല; അവർ കഴുകനിലും വേഗവാന്മാർ, സിംഹത്തിലും വീര്യവാന്മാർ. യിസ്രായേൽ പുത്രിമാരേ, ശൗലിനെ ച്ചൊല്ലി കരവിൻ, അവൻ നിങ്ങളെ ഭംഗിയായി രക്താംബരം ധരിപ്പിച്ചു, നിങ്ങളുടെ വസ്ത്രത്തിന്മേൽ പൊന്നാഭരണം അണിയിച്ചു. യുദ്ധമദ്ധ്യേ വീരന്മാർ പട്ടുപോയതെങ്ങിനെ! നിന്റെ ഗിരികളിൽ യോനാഥാൻ നിഹതനായല്ലോ. യോനാഥാനേ എന്റെ സഹോദരാ, നിന്നെച്ചൊല്ലി ഞാൻ ദുഃഖിക്കുന്നു; നീ എനിക്കു അതിവൽസലൻ ആയിരുന്നു. നിൻ പ്രേമം കളത്രപ്രേമത്തിലും വിസ്മയമേറിയതു. വീരന്മാർ പട്ടുപോയതു എങ്ങനെ, യുദ്ധായുധങ്ങൾ നശിച്ചുപോയല്ലൊ!

ദാവീദിനു യോനാഥാനെകുറിച്ചുള്ള ഓർമ്മകൾ എപ്പോഴും സുഖകരമായിരുന്നു (2 ശമുവേൽ 1:26, 27).

*വരുവാനുള്ള തലമുറകൾക്കു ഫലങ്ങൾ പുറപ്പെടുവിക്കുന്നതാണ് ഭക്തി.* 20:42–ലെ വാക്കുകൾ നിറവേറുന്നതാണ് 2 ശമുവേൽ 9:1–13 ഉം 2 ശമുവേൽ 21:1–7 ഉം. പൈതൃകമായ അനുഗ്രഹങ്ങളെ വിട്ടുതരുന്നതാണ് യോനാഥാന്റെ ഭക്തി. ശൗലിന്റെ മത്സരം നിമിത്തം തരംതാഴ്ന്നു, ഇരുണ്ടുപോയ കുടുംബം, യോനാഥാന്റെ ഭക്തി നിമിത്തം വേർതിരിക്കപ്പെട്ട ഒരു സ്ഥാനത്തേക്കു ഉയർന്നു.

### ഉപസംഹാരം

ഒരു കൂട്ടം ക്രിസ്തീയ ഗുണങ്ങളുണ്ടായിരുന്ന വ്യക്തിയായിരുന്നു യോനാഥാൻ. എന്നാൽ അവനിലുള്ള ഗുണങ്ങളിൽ ഏറ്റവും മുന്നിലായി കാണാൻ സാധിച്ചത് ഭക്തിയായിരുന്നു. അവൻ ഗിൽബോവ പർവ്വതത്തിലെ കടുത്ത യുദ്ധക്കളത്തിൽ വെച്ചായിരുന്നു മരിച്ചത്, എന്നാൽ അവൻ തന്റെ ജീവിതത്തിൽ ഫെലിസ്ത്യ പരാജയത്തിനു മായിച്ചു കളയാനാകാത്തവിധം മഹത്തായ വിജയം കൈവരിച്ചു. മോഹത്തിന് കോപത്താലും അസൂയയാലും നശിപ്പിക്കുവാൻ കഴിയാത്ത ദുരാഗ്രഹങ്ങളിന്മേലുള്ള വിജയമായിരുന്നു യോനാഥാൻ ആസ്വദിച്ചത്. അവന്റെ ഉന്നതമായ വിജയത്തെ ഒറ്റവാക്കിൽ പറയാം: *ഭക്തി!*

ദൈവത്തോടുള്ള നിങ്ങളുടെ ഭക്തി *നിയന്ത്രണവിധേയമാണോ?* നിങ്ങൾക്കു സ്നേഹിതന്മാരോടുള്ള ഭക്തി *സേവിക്കുന്ന*താണോ? നിങ്ങൾക്കു നിങ്ങളുടെ കുടുംബത്തോടുള്ള ഭക്തി *കരുതലുള്ള*താണോ?